WELCOME

കോവിഡ് കാല പൗരോഹിത്യ ശുശ്രൂഷ സാധ്യതകളും വെല്ലുവിളികളും- വൈദിക ചർച്ചകൾക്കായ ചില മാർഗരേഖകൾ

(A) ലക്ഷ്യം

(1) കോവിഡ് പ്രതിസന്ധികളോട് ഒപ്പം സമരസപ്പെട്ട് ജീവിച്ചേ തീരൂ എന്ന സത്യം ഉൾക്കൊള്ളുക.

(2) ഇതുവരെ അനുവർത്തിച്ചു വന്നിരുന്ന ശീലങ്ങളും ശൈലികളും തുടർന്നങ്ങോട്ട് നിർവ്വഹിക്കുവാൻ പ്രയാസം നേരിടുന്നു എന്ന സത്യം ഉൾക്കൊള്ളുക.

(3) പരിശുദ്ധ സഭയുടെ വേദശാസ്ത്ര ബോധ്യങ്ങളും, ആരാധനാ പൈതൃകങ്ങളെയും മുറുകെപ്പിടിച്ച് കോവിഡ് കാലത്ത് എങ്ങനെ ശുശ്രൂഷ നിർവഹിക്കാം എന്നതിനെ പറ്റിയുള്ള ചർച്ചകൾ ആരംഭിക്കുക.

(4) രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുവാനുള്ള ബദൽ മാർഗങ്ങളെപ്പറ്റി അന്വേഷിക്കുക.

(5) ഇടവകകകളുടെ ജീവകാരുണ്യ/സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് കോവിഡ് കാരണമുണ്ടായ പ്രതിസന്ധികൾ കൂടി ഉൾക്കൊള്ളുന്ന തരത്തിലുള്ള ദിശാബോധം കൈവരുത്തുക.

(6) കൊറോണാ കാല പ്രതിസന്ധികൾ കൃത്യതയോടെ നിജപ്പെടുത്തുക.

(B) മാർഗ്ഗരേഖ - വിഭജനം

മൂന്നു തലങ്ങൾ ആയി വിഷയങ്ങളെ

തിരിച്ച് ചർച്ചകൾ ആരംഭിക്കാം:

- (1) വ്യക്തി തലം (Personal)
- (2) ഇടവക തലം (Parish)
- (3) സാമ്പത്തിക തലം (Economy)

(C) വിശദീകരണം:*

- (1) വ്യക്തിതലം

- വ്യക്തിപരമായ പ്രാർത്ഥന ജീവിതത്തിന്റെ ശാക്തീകരണം.
- വചന വ്യാഖ്യാനത്തിലൂടെ ഉള്ള പുതുക്കവും, വായനയിലൂടെയും പഠനത്തിലൂടെയും ഉള്ള ഒരുക്കവും.
- വ്യക്തിബന്ധങ്ങളുടെ ആഴത്തിലുള്ള പുതുക്കം.
- ആത്മീയവും, ദൈവശാസ്ത്രപരവും സാമൂഹികപരവുമായ കാഴ്ചപ്പാടുകളുടെ പുതുക്കം.
- നവസാങ്കേതിക വിദ്യകളുടെ ക്രിയാത്മകമായുള്ള ഉപയോഗവും പരിശീലനവും.

(2) ഇടവക തലം

- ചെറുസംഘങ്ങളായി തിരിഞ്ഞുള്ള ആത്മീയ സംവിധാനങ്ങൾ.

- ചെറുസംഘങ്ങൾക്ക് വേണ്ടിയുള്ള ബലിയർപ്പണവും കൗദാശിക ജീവിത പരിപോഷണവും.

- Physical/Virtual പുരോഹിത സാന്നിധ്യം.

- അനുഭവങ്ങൾ കേൾക്കുവാനും, ആത്മ ധൈര്യം പകരുവാൻ ഉള്ള പരിശ്രമങ്ങൾ.

- നിരാശകളെ അതിജീവിക്കുവാനുള്ള ദൈവസാന്നിധ്യ ബോധത്തിന്റെ ശക്തമായ പങ്കുവെക്കൽ ഉണ്ടാകുക.
- ആന്തരിക സൗഖ്യത്തെ പറ്റിയും, ആത്മബലത്തെ പറ്റിയുമുള്ള ശക്തമായ പ്രബോധനം.
- ഭവന നമസ്കാരങ്ങൾ, ഉപവാസം, നോമ്പ് എന്നിവയുടെ ശാക്തീകരണം

3) സാമ്പത്തിക തലം

- അടിയന്തര പ്രാധാന്യം ഉള്ളതിനെ വേർതിരിക്കുക.
- ആഘോഷങ്ങൾ പരമാവധി മാറ്റി വെക്കുക
- അടിയന്തര പ്രാധാന്യം അല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുക.
- മിനിമലിസം സ്വയം പരിശീലിക്കുകയും, ഇടവക ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുക.
- ഇടവക ബഡ്ജറ്റുകൾ പുനർക്രമീകരിക്കുക
-



By St.Thomas Orthodox Vaidika Sanghom